പതിമൂന്നാം കേരള നിയമസഭ
12-ാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 307

01/12/2014 ൽ മറുപടിയ്ക്ക്

ഇലക്ട്രോണിക് മാലിന്യ സംസ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി വിൻസെന്റ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും<br>ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി. |
| (എ) ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണത്തിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ, കേന്ദ്ര - സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി, ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ ഡിസ്മാന്റലർക്ക് നൽകുന്നതിന് നാല് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിന് സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ